(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം

*3 [425] *ശ്രീ. ജോണി നെല്ലൂർ:*

„ *ഷിബു ബേബിജോൺ:*

„ *ടി. എം. ജേക്കബ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ നിലവിലുള്ള അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം 1:40 എന്നാക്കുവാൻ സർക്കാർ തീരുമാനിച്ചിരുന്നോ;

(സി) എങ്കിൽ ഇത് നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യം അടിയന്തിരമായി നടപ്പിലാക്കുവാൻ തയ്യാറാകുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):*

(എ) കേരള വിദ്യാഭ്യാസ ചട്ടം അദ്ധ്യായം VI, ചട്ടം 23 പ്രകാരം സ്കൂളുകളിൽ അനുവദനീയമായ അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം 1:45 ആണ്.

(ബി) & (സി) നിലവിലുള്ള അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം മാറ്റുന്നതിന് സർക്കാർ തീരുമാനിച്ചിട്ടില്ല. എന്നാൽ 1:45 അനുപാതത്തിൽ തസ്തിക നിർണ്ണയം നടത്തുമ്പോൾ ഡിവിഷൻ കുറവ് വരുന്നതുമൂലം നിലവിലുള്ള അദ്ധ്യാപകർക്ക് പിരിഞ്ഞു പോകേണ്ടിവരുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി അത്തരം സ്കൂളുകളിൽ ഒരു പ്രത്യേക ആനുകൂല്യം എന്ന നിലയിൽ ഈ അനുപാതം 1:40 ആയി സർക്കാർ അനുവദിച്ചിരുന്നു. എന്നാൽ 2-5-2005-ലെ 11/ജെ2/2005/പൊ.വി.വ. നമ്പർ സർക്കുലർപ്രകാരം 2005-2006 അദ്ധ്യയനവർഷം മുതൽ ഈ ആനുകൂല്യം അനുവദിക്കുന്നതല്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

ഗവൺമെന്റ് ഉടമയിൽ ഉള്ള മോഡൽ സ്കൂളുകൾ

*4 [426] *ശ്രീ. കെ. സുധാകരൻ:*

„ *ബി. വിജയകുമാർ:*

പ്രൊഫ. കെ. വി. തോമസ്:

„ *എ. ഡി. മുസ്തഫ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത് ഗവൺമെന്റ് ഉടമയിൽ എത്ര മോഡൽ സ്കൂളുകൾ ഉണ്ട്;

(ബി) ഇവയിൽ 10% ത്തിൽ താഴെമാത്രം കുട്ടികൾ ഇക്കഴിഞ്ഞ എസ്.എസ്.എൽ.സി. പരീക്ഷയിൽ ജയിച്ച മോഡൽ സ്കൂളുകൾ ഏതെല്ലാം;

(സി) ഇത്തരം സ്കൂളുകളിൽ വിജയശതമാനം കുറയുവാനുള്ള കാരണമെന്ത്;

(ഡി) ഇത്തരം സ്കൂളുകളെ മോഡൽ സ്കൂളുകളായി അംഗീകരിച്ചതിന്റെ മാനദണ്ഡം എന്താണെന്ന് വെളിപ്പെടുത്തുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):*

(എ) ലഭ്യമായ വിവരമനുസരിച്ച് സംസ്ഥാനത്താകെ 35 മോഡൽ സ്കൂളുകൾ ഉണ്ട്.

(ബി) സേ പരീക്ഷയുടെ വിജയശതമാനംകൂടി കണക്കിലെടുത്താൽ പത്തുശതമാനത്തിലധികം കുട്ടികൾ എല്ലാ സ്കൂളുകളിൽനിന്നും ഉപരിപഠനത്തിന് അർഹത നേടിയിട്ടുണ്ട്.

(സി) ഉത്തരം ബി-യുടെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഉയർന്ന അദ്ധ്യയന നിലവാരവും മികച്ച ഭൗതികസാഹചര്യങ്ങളുമുള്ള സർക്കാർ സ്കൂളുകളെ മോഡൽ സ്കൂളുകളായി അംഗീകരിച്ചിട്ടുണ്ട്.

ഗ്രേഡിംഗ് സമ്പ്രദായം

*5 [427] *ശ്രീ. കെ. നാരായണക്കുറുപ്പ്:*

„ *തോമസ് ചാഴികാടൻ:*

„ *റോഷി അഗസ്റ്റിൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പാക്കിയിട്ടുള്ള ഗ്രേഡിംഗ് സമ്പ്രദായത്തിന്റെ ഭാഗമായി സ്കൂളുകളിലെ നിരന്തരമൂല്യനിർണ്ണയത്തിൽ മാറ്റങ്ങൾ വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതു സംബന്ധിച്ച് കരിക്കുലം കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(സി) ഏതെല്ലാം ക്ലാസ്സുകളിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്തുവാൻ ഉദ്ദേശിക്കുന്നതെന്നറിയിക്കാമോ;

(ഡി) ഇത് ഈ വർഷം തന്നെ നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly